"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പുല്ലൂറ്റ് കെ.കെ.റ്റി.എം സർക്കാർ കോളേജ് - അറ്റൻഡർ ശ്രീമതി മിനി.കെ.ആർ നെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:C3/14413/2022/DCEതിരുവനന്തപുരം തീയതി:15.11.2022

---

*പരാമർശം:*-1) 08.05.2017 ലെ സി4/18758/18/കോ.വി.വ നം ഉത്തരവ് .
2)24.03.2022 ലെ ശ്രീമതി. മിനി കെ.ആർ ന്റെ അപേക്ഷ .
3)03.10.2022 തിയതിയിലെ ലെ എഫ് /104/2022/ഉ.വി.വ നം സർക്കാർ കത്ത് .

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 30.11.2014 വരെ നിയമനം ലഭിച്ച യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 10% പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പുല്ലൂറ്റ് ഗവ കോളേജിലെ അറ്റൻഡർ ശ്രീമതി. മിനി കെ.ആർ പ്രസ്തുത പട്ടിക നിലവിൽ വരുമ്പോൾ ടൈപ്പ് റൈറ്റിങ് യോഗ്യത നേടിയിരുന്നില്ല. എന്നാൽ 25.05.2018 - ൽ ടിയാൾക്ക് യോഗ്യത ലഭിച്ചു. ആയതിനാൽ 29.07.2009 ൽ സർവീസിൽ പ്രവേശിച്ച ടിയാളെ (നിയമന ശിപാർശ തിയതി 22.06.2009) എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 10% പ്രൊമോഷൻ നൽകുന്നതിനുള്ള മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം(2) പ്രകാരം അപേക്ഷ സമർപ്പിച്ചു. എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള അന്തിമ മുൻഗണന പട്ടിക പ്രസിദ്ധീകരിച്ചതിനാൽ ടി പട്ടികയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ അപേക്ഷ സർക്കാരിലേക്ക് അയക്കുകയും പരാമർശം (3) പ്രകാരം അനുമതി ലഭ്യമാകുകയും ചെയ്തു.

ശ്രീമതി മിനി ടി.ആർ ന്റെ മുൻഗണന നിയമന ശിപാർശ തിയതിയായ 22.06.2009 അടിസ്ഥാനമാക്കി നിർണയിക്കുന്ന പക്ഷം പരാമർശം (1) മുൻഗണന പട്ടികയിൽ ക്രമ നമ്പർ 9 നും 10 നും ഇടയിൽ ഉൾപ്പെടുത്തുന്നതിന് അർഹതയുണ്ട്. ടിയാളെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സവാദങ്ങൾ ഉണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് 10 ദിവസത്തെ സാവകാശം നൽകിയിരുന്നെങ്കിലും നാളിതുവരെ പരാതികൾ ലഭിച്ചിട്ടില്ല .

മേൽ സഹചര്യത്തിൽ പുല്ലൂറ്റ് കെ.കെ.ടി.എം സർക്കാർ കോളജിലെ അറ്റൻഡർ ശ്രീമതി മിനി ടി.ആർ നെ പരാമർശം(1) മുൻഗണന പട്ടികയിൽ ക്രമ നമ്പർ 9 നും 10 നും ഇടയിൽ 9 എ ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു . മേൽ ഭേദഗതിയോടുകൂടെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണന പട്ടിക നിലനിൽക്കുന്നതാണ്.

Approval Valid

Digitally Approved By
സജിത്ത് കെ.ഐ
Date: 15.11.2022
Reason: Approved

Sd/-
സജിത്ത് കെ.ഐ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

പകർപ്പ്,

1) ശ്രീമതി മിനി കെ.ആർ , അറ്റൻഡർ
കെ.കെ.ടി.എം ഗവ കോളേജ് പുല്ലൂറ്റ്
2) കരുതൽ ഫയൽ/നടപ്പ് ഫയൽ